LIBRARY ARCHIVES Kerala Legislative Assembly

(ബി) മാനസികാരോഗ്യ വൈകല്യങ്ങളുള്ളവർക്ക് കഴിക്കാനുള്ള മരുന്നുകൾ സ്ഥിരമായി ലഭ്യമാക്കാൻ നടപടികൾ ഉണ്ടാകുമോയെന്ന് വിശദമാക്കാമോ?

കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡി-ന്റെ Essential Durg ലിസ്റ്റിൽ 50 ഇനം സൈക്കോട്രോപിക് മരുന്നുകൾ ഉൾപ്പെടുത്തുകയും പ്രസ്തുത മരുന്നുകൾ സൗജന്യമായി ആശുപത്രിയിൽ ലഭ്യമാക്കുകയും ചെയ്യുന്നുമുണ്ട്. ഓരോ ആശുപത്രിയിൽ നിന്നും ലഭ്യമാകുന്ന ഇൻഡന്റ് അനുസരിച്ച് KMSCL മുഖേന മരുന്ന് ലഭ്യമാക്കി വരുന്നു. മാനസികാരോഗ്യ പരിപാടിയുടെ വാർഷിക പദ്ധതിയിൽ മാനസികാരോഗ്യ ചികിത്സയ്ക്കാവശ്യമായ മരുന്നുകൾ KMSCL മുഖേന വാങ്ങുന്നതിനായി ഫണ്ട് വകയിരുത്തി KMSCL മുഖാന്തിരം മരുന്നുകൾ ആശുപത്രികളിൽ ലഭ്യമാക്കി രോഗികൾക്ക് വിതരണം ചെയ്തുവരുന്നു. ജില്ലാ മാനസികാരോഗ്യ പരിപാടിയുമായി ബന്ധപ്പെട്ട് ക്യാമ്പ് നടക്കുന്ന ദിവസങ്ങളിൽ അന്നേ ദിവസം തന്നെ ക്യാമ്പിൽ നിന്നും ഒരു മാസത്തേക്കുള്ള മരുന്നുകൾ നൽകി വരുന്നുണ്ട്. കിടപ്പിലായ മാനസിക രോഗികളെ ഡോക്ടർ പരിശോധിച്ചതിനുശേഷം ക്യാമ്പിൽ രജിസ്റ്റർ ചെയ്യുകയും ശേഷമുള്ള മാസങ്ങളിൽ കിടപ്പുരോഗികൾക്ക് ബൈസ്റ്റാന്റർ മുഖേന മരുന്നുകൾ നൽകുകയും ചെയ്യുന്നുണ്ട്.

തിരുരങ്ങാടി മണ്ഡലത്തിലെ പെരുമണ്ണ - ക്ലാരി പ്രൈമറി ഹെൽത്ത് സെന്റർ കെട്ടിടം

203 (4928) ശ്രീ. കെ. പി. എ. മജീദ്: താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

തിരുരങ്ങാടി മണ്ഡലത്തിലെ പെരുമണ്ണ - ക്ലാരി പ്രൈമറി ഹെൽത്ത് സെന്റർ കെട്ടിടം പ്രകൃതിക്ഷോഭത്തിൽ ഉപയോഗശൂന്യമായ അവസ്ഥയിലായതിനാൽ ഈ കെട്ടിടം പുനർനിർമ്മിക്കുന്നതിന് ആവശ്യമായ ഭരണാനുമതി ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ആർദ്രം രണ്ടാം ഘട്ടത്തിൽ പെരുമണ്ണ-ക്ലാരി ഹെൽത്ത് സെന്ററിനെ കുടുംബാരോഗ്യകേന്ദ്രമാക്കി ഉയർത്താൻ തെരഞ്ഞെടുത്തിരുന്നെങ്കിലും ടി പ്രവൃത്തികളുടെ പ്രാരംഭ ഘട്ടത്തിൽ പ്രളയമുണ്ടായതിനെത്തുടർന്ന് പി.എച്ച്.സി. പ്രവർത്തിച്ചിരുന്ന കെട്ടിടം അൺ ഫിറ്റാവുകയും അടിസ്ഥാന വികസന പദ്ധതി ഉപേക്ഷിക്കുകയും ചെയ്തു. അൺ ഫിറ്റായ കെട്ടിടം പൊളിച്ചുമാറ്റുന്നതും പുതിയ കെട്ടിടം നിർമ്മിക്കുന്നതും സംബന്ധിച്ച വിഷയം പരിശോധിച്ചുവരുന്നു.